**കൊറോണക്കാലം വിജ്ഞാനപ്രദമാകാൻ 'ഐ നോ എസ്.വി.ഇ.പി' സംഘടിപ്പിച്ചു കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ**

കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ആളുകൾ വീടുകളിൽ തന്നെ കഴിയുന്ന സാഹചര്യത്തിൽ, കൊറോണക്കാലം വിജ്ഞാനപ്രദമാകാൻ 'ഐ നോ എസ്.വി.ഇ.പി' സംഘടിപ്പിച്ചു വ്യത്യസ്തരായിരിക്കുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ. തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്കിൽ ആണ് എസ്.വി.ഇ.പി യുടെ നേതൃത്വത്തിൽ 'I KNOW SVEP' എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചത്. ലോക്ക് ഡൗൺ തുടരുന്നതിനാൽ പ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാനും ഈ ഒരു സാഹചര്യത്തിൽ ഒരു സംരംഭത്തിൻറെ ആവശ്യകത എന്താണെന്ന് മനസിലാക്കി കൊടുക്കുന്നതിനും കൂടാതെ കുടുംബശ്രീയും എസ്.വി.ഇ.പി യും സാധാരണ ആളുകളുടെ ഇടയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നും മനസിലാക്കാനുമാണ് ഈ കാമ്പയിൻ സംഘടിപ്പിച്ചത്.

3 പാഠഭാഗങ്ങളായി തിരിച്ചായിരുന്നു ക്യാമ്പയിൻ സംഘടിപ്പിച്ചത്. കുടുംബശ്രീ, സംരംഭകനും സംരംഭത്വവും, എസ്.വി.ഇ.പി എന്നിങ്ങനെ ആയിരുന്നു 3 പാഠഭാഗങ്ങൾ. പാഠഭാഗത്തെ ആസ്പദമാക്കിയുള ക്വിസും സംരംഭം ആരംഭിക്കാൻ താത്പര്യമുള്ള ആളുകളുടെ വിവരണശേഖരണവും ക്യാമ്പയിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോ പാഠഭാഗങ്ങളും കൃത്യമായ ഇടവേളകളിൽ അയൽക്കൂട്ടങ്ങളിലേക്ക് എം.ഇ.സി സംവിധാനം വഴി അയച്ചു കൊടുക്കുകയും അതിന്റെ പ്രാധാന്യം ഓരോ അയൽക്കൂട്ടങ്ങളെയും മനസിലാക്കി കൊടുക്കുകയുമാണ് ചെയ്തത്.

3 പാഠഭാഗങ്ങളും അയൽക്കൂട്ട അംഗങ്ങൾക്ക് അയച്ചു കൊടുക്കുകയും അവരെ ബോധവത്കരിക്കുകയും ചെയ്തിട്ടുണ്ട്.

പാഠഭാഗങ്ങൾ അയച്ചു കൊടുത്തതിനു ശേഷം അതിനെ ആസ്പദമാക്കി ഒരു ഓൺലൈൻ ക്വിസ് ഒപ്പം അയൽക്കൂട്ട അംഗങ്ങൾക്ക് അയച്ചു നൽകിയിരുന്നു. 20 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലിയിൽ, പങ്കെടുത്ത ഓരോരുത്തരുടെയും പേര്, മൊബൈൽ നമ്പർ, പഞ്ചായത്ത്, വാർഡ്, അയൽക്കൂട്ടത്തിന്റെ പേര് എന്നിവ ഉൾപ്പെടുത്തുവാനും നിർദേശം നൽകിയിരുന്നു. ചോദ്യാവലിയുടെ അവസാനത്തിൽ അവർക്ക് സംരംഭം ആരംഭിക്കാൻ താൽപര്യം ഉണ്ടോ എന്നുള്ള ചോദ്യവും ഉൾപ്പെടുത്തിയിരുന്നു. ചോദ്യാവലിയിൽ പങ്കെടുത്ത ഓരോരുത്തരുടെയും മേന്ദുറഞ്ഞ വിവരങ്ങളും അവർ ഓരോ ചോദ്യത്തിനും നൽകിയ ഉത്തരങ്ങളും മൊത്തം ലഭിച്ച മാർക്കും ലഭിക്കുന്ന രീതിയിലാണ് ചോദ്യാവലി ചിട്ടപ്പെടുത്തിയിരുന്നത്.

3 ആഴ്ച നീണ്ടു നിന്ന ക്യാമ്പയിൻ ഏപ്രിൽ 30 നു ആണ് അവസാനിച്ചത്. കൊടകര ബ്ലോക്കിൽ നിന്നും 214 പേര് പങ്കെടുത്തു. ഇതിൽ 176 പേര് പുതുതായി സംരംഭം തുടങ്ങുവാൻ മുൻപോട്ടു വന്നു. സംരംഭം തുടങ്ങാൻ മുൻപോട്ടു വന്നവരിൽ നിന്നും തിരഞ്ഞെടുത്തവർക്ക് ലോക്ക് ഡൗൺ കഴിയുന്ന സാഹചര്യത്തിൽ സംരംഭം തുടങ്ങുവാൻ ഉള്ള മുൻഗണന നൽകുകയും ഒപ്പം വിജയികളായ ആളുകൾക്ക് സമ്മാനവും വിതരണം ചെയ്യും.